**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5974** **25-03-2025 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകുകയും പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ചെയ്തു. തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്.<br>2. ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (A.C.S.T.I.)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ആയതിന്റെ രണ്ടാം ഘട്ടപരിശീലനം 2025 ജനുവരി 15 ന് ആരംഭിച്ചിട്ടുണ്ട്. സംഘത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനങ്ങളും ഇടപാടുകളും മനസ്സിലാക്കിയുള്ള ഓഡിറ്റിന് ആവശ്യമായിട്ടുള്ള ഫലപ്രദമായ പരിശീലനമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.<br>3. ഇതിനു പുറമേ ജില്ലാതലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുകയും ഇപ്രകാരം നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി ഓഡിറ്റുമായി ബന്ധപ്പെട്ട് വിവിധ |

| | | | | |
|---|---|---|---|---|
| | | | | വിഷയങ്ങളിൽ വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുമുണ്ട്.<br>4. അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് സമ്പ്രദായം പൊതുവായ അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് ( G.A.A.P.) യിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>6. ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം സഹകരണ ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നല്കുകയും ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെടുത്തി ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>7. കൂടാതെ എൻട്രി മീറ്റിംഗ്, എക്സിറ്റ് മീറ്റിംഗ്, ഡ്രാഫ്റ്റ് ഓഡിറ്റ് മെമോ, Compliance monitoring, risk based auditing എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>8. ഓഡിറ്റ് ടീമിനും ഓഡിറ്റ് ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ